**Code No. 06**

Total No. of Questions : 40 ] [ Total No. of Printed Pages : 4

**March, 2009**

# MALAYALAM

Time : 3 Hours 15 Minutes ] [ Max. Marks : 100

I. ഒന്നോ **രണ്ടോ** വാക്യത്തിൽ ഉത്തരമെഴുതുക : 10 × 1 = 10

1. 'വാമാക്ഷിവാക്യം പ്രമാണിയ്ക്ക കാരണം' രാമന് പിണഞ്ഞ അബദ്ധമെന്ത് ?

2. ചുടലക്കളത്തിലേയ്ക്ക് പ്രവേശിയ്ക്കുന്ന ഭിക്ഷുവിനെ കവി ചിത്രീകരിയ്ക്കുന്നതെങ്ങനെ ?

3. കിഴക്കൻ മല കടന്നുവരുന്ന ചെട്ടിച്ചികളുടെ പ്രത്യേകതകളെന്തെല്ലാം ?

4. മാതൃഹത്യയ്ക്കു പകരമായി പരശുരാമൻ പിതാവിൽ നിന്ന് ആവശ്യപ്പെട്ടത് എന്ത് ?

5. പരശുരാമന്റെ പ്രതിജ്ഞ ലംഘിപ്പാൻ അകൃത പ്രണൻ നിർദ്ദേശിച്ച മാർഗ്ഗമെന്ത് ?

6. വികസനോന്മുഖ പത്രപ്രവർത്തനം, മനുഷ്യ താല്പര്യം ആർജ്ജിയ്ക്കുന്നത് എപ്പോൾ ? ഒരു ഉദാഹരണം എഴുതുക.

7. ഹെൻട്രി ബ്രാഷ് എന്ന കൂട്ടുകാരനുമായി കളിയ്ക്കാൻ പോയ ആൽബർട്ടിന് ഉണ്ടായ അനുഭവം എന്ത് ?

8. റിട്രൊ വൈറസ്സ് എന്നാൽ എന്ത് ?

9. ലേഖകൻ പരിചയപ്പെട്ട മിഷേൽ എന്ന സായിപ്പിന്റെ സ്വഭാവ സവിശേഷത എന്തായിരുന്നു ?

10. 'വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്' - ആര്, ആരോട്, എപ്പോൾ പറയുന്നു ?

II. മൂന്നോ **നാലോ** വാക്യത്തിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും പത്തെണ്ണം ) 10 × 2 = 20

11. സൗഗന്ധികം തേടി യാത്രയാരംഭിച്ച ഭീമൻ ആദ്യം കണ്ട കാഴ്ചയെന്ത് ? ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുക.

12. 'ഉലകിന്റെ ഉയിരായ പ്രേമത്തിന്റെ സവിശേഷതകളെന്തെല്ലാം ?

13. പത്നിയുമൊത്ത് മൂപതിറ്റാണ്ടുകൾ കഴിച്ചുകൂട്ടിയതിനെ കവി അനുസ്മരിയ്ക്കുന്നതെങ്ങനെ ?

14. നോവുകൂട്ടി നുണഞ്ഞ സുഖങ്ങൾ എന്ന് തള്ളക്കോഴി പറയുന്നത് എന്തിനെക്കുറിച്ചാണ് ?

15. വൈലോപ്പിള്ളിയ്ക്കു വിട നല്കുന്നതിന്റെ ഭാവതീവ്രത കവിതയിൽ എങ്ങനെ ആവിഷ്ക്കരിച്ചിരിയ്ക്കുന്നു ?

16. അംബയെ സഹായിയ്ക്കാൻ തയ്യാറായ പരശുരാമന്റെ മനസ്സിലെ ഗൂഢസത്യം - മാരാർ ഇതിനെ നിരീക്ഷിയ്ക്കുന്നതെങ്ങനെ ?

17. വികസനോന്മുഖ പത്രപ്രവർത്തനത്തിന്റെ ലക്ഷ്യമെന്ത് ?

18. വറ്റാത്ത കിണറുകളെല്ലാം വറ്റിത്തുടങ്ങിയപ്പോൾ കണ്ടെത്തിയ പരിഹാരമെന്ത് ?

19. എയ്ഡ്സ് പകരുകയില്ലാത്ത സാഹചര്യങ്ങൾ ഏതെല്ലാം ?

20. അടിമകൾ ദുർജമരങ്ങൾ മുറിയ്ക്കുന്നതിൽ ചെർട്ട്കാഫിന്റെ നിലപാട് എന്തായിരുന്നു ?

21. പത്രരംഗത്തെ ജോലിയ്ക്കുവേണ്ടി എം.ടി. എത്തിച്ചേർന്ന സാഹചര്യമെന്ത് ?

22. അമ്മയുടെ പാചകത്തെക്കുറിച്ചുള്ള ഉണ്ണിയുടെ അഭിപ്രായമെന്ത് ?

III. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക : ( ഏതെങ്കിലും നാലെണ്ണം ) : $4 \times 3 = 12$

23. ഉടലെടുത്ത നരന്മാക്കൊന്നുപോലേവക്കും ഭോജ്യ -
മിടരറ്റു പിതൃപൈതാമഹ സമ്പ്രാപ്തം.

24. മന്ത്രിച്ചൂമമാത്മാവിൽ, മാതൃഹന്താവിൻ മഴു
പൊന്താത്തതെന്തീ സ്സുഖോന്മത്തർ തൻ നേക്കെന്നാരോ

25. മോളിലാണവർ, മാനത്തെ മേട
വീട്ടിലാണക്കഴുകന്മാർ വാഴ്ച.

26. രാത്രികാലങ്ങളിൽ കാവിലൊളിച്ചിരുന്ന് ഭീകര ശബ്ദത്തിൽ മരണം വിളിച്ചു പറഞ്ഞ് പേടിപ്പിയ്ക്കുന്ന കാലൻകോഴി പോലും ഞങ്ങൾക്കന്നു കൂട്ടാണ്.

27. ഈ രീതി നാഗരികതയുടെ വ്യാധിയായിത്തീർന്നിരിയ്ക്കുന്നു. ഇതിനൊരവസാനമുണ്ടാകാതെ മനഷ്യവർഗ്ഗത്തിന് ക്ഷേമമില്ല. ഇത് പ്രഭുവിന്റെ അന്തിമ തീരുമാനമായിത്തീർന്നു.

28. സൗന്ദര്യം പാടെ നശിച്ച ഈ മദ്ധ്യവയസ്കയ്ക്കു തന്റെ ജീവിതത്തിന്റെ മാധുര്യം കെടുത്തുവാൻ എന്തവകാശം ? പ്രസവിച്ചതിന് നിരന്തരം നന്ദിപ്രകടനം അവർ പ്രതീക്ഷിയ്ക്കുന്നുവോ ?

IV. നൂറുവാക്കിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും നാലെണ്ണം ) : 4 × 7 = 28

29. 'നന്മതിന്മകൾ നേരായാരറിഞ്ഞിരിയ്ക്കുന്നു' ? പരശുരാമന്റെ ഈ ചിന്തയ്ക്കു കാരണമെന്ത് ? വിവരിയ്ക്കുക.

30. സൗഗന്ധികത്തിനുവേണ്ടിയുള്ള പാഞ്ചാലിയുടെ അഭ്യർത്ഥനയും അതിൽ സ്ഫുരിയ്ക്കുന്ന അവളുടെ വ്യക്തിത്വവും വെളിപ്പെടുത്തുക.

31. വാസ്തവത്തിൽ രുദ്രാക്ഷത്തിന് വല്ല മാഹാത്മ്യവുമുണ്ടായിരുന്നോ എന്ന് ചിന്തിയ്ക്കാനുണ്ടായ കാരണങ്ങളെന്തെല്ലാം ?

32. ഭുർജ മരങ്ങൾ മുറിയ്ക്കുന്നതിൽ ടോൾസ്േററായ്‌യുടേയും പത്നിയുടേയും വ്യത്യസ്തനിലപാടുകളെ വ്യക്തമാക്കുക.

33. മരണശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട മകനെ അവസാനമായി ജയിലിൽ വെച്ച് സന്ദർശിയ്ക്കുന്ന ഒരച്ഛന്റെ നൊമ്പരം - 'കടൽത്തീരത്ത്' എന്ന കഥയിൽ ഇത് എങ്ങനെയെല്ലാം ആവിഷ്ക്കരിച്ചിരിയ്ക്കുന്നു ?

34. 'അമ്മയും മകനും' എന്ന കഥയ്ക്കു ഒരു ആസ്വാദനം എഴുതുക.

V. 35. ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒന്നിന് ) $1 \times 3 = 3$

i) ത്യാഗമെന്നതേ നേട്ടം ; താഴ്മ താനഭ്യുന്നതി.

ii) വിത്തമെന്തിത് മർത്ത്യക്ക് വിദ്യ കൈവശമുണ്ടെങ്കിൽ.

36. a) പദം പിരിച്ച് സന്ധി നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) വിണ്ടലം ii) ചത്തൊടുങ്ങി

iii) ഒളിച്ചിരുന്നു iv) വാഴപ്പഴം

v) കയറിയിറങ്ങി vi) ആദ്യമായി

b) വിഗ്രഹിച്ച് സമാസം എഴുതുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) ചെന്താമര ii) പുഷ്പബാണൻ

iii) ഇരുപുറം iv) കായ്കനികൾ

v) മരച്ചില്ല vi) ദശവദനൻ

37. a) വിപരീത പദങ്ങൾ എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) ഭയം ii) പ്രസിദ്ധം

iii) പുരോഗതി

b) രണ്ടു് പര്യായപദങ്ങൾ വീതം എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

i) വസ്ത്രം ii) വനം

iii) രാത്രി

38. a) വൃത്തം നിർണ്ണയിയ്ക്കുക : ( ഒന്നിന്റെ ) 1 × 3 = 3

i) ഇവനെക്കൂടിസ്സ്വീകരിയ്ക്കുക ഹേമന്തത്താൽ
മെലിഞ്ഞ കുളിർ നീരിൻ കൈകളാൽ നിളാനദീ.

ii) രണ്ടു നാലെങ്കിലും കൊണ്ടു വന്നീടണം
ഉണ്ടു കനിവെങ്കിൽ വേണ്ടുവോളം മതി.

b) അലങ്കാരം നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും ഒന്നിന്റെ ) 3

i) പേരാറ്റു നീരായ ചെമ്പിച്ച പൈക്കളെ -
ദ്ധാരാളമാട്ടി ത്തെളിച്ചു കൊണ്ടങ്ങിനെ.

ii) നടക്കാവൂടെ വരുന്നു ഭാനുമാനിൽനിന്നു കാറ്റിൽ
കടപൊട്ടിപ്പറന്നെത്തും കതിരു പോലെ.

39. a) പദങ്ങൾ പിരിച്ചെഴുതുക : 1

പാവനോടജത്തേയും ക്ഷത്രിയർ കയ്യേറി പോൽ
പാവമെന്നച്ഛൻ പോറ്റും പയ്യിനെക്കവന്നു പോൽ.

b) സ്വന്തം വാക്യത്തിൽ പ്രയോഗിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

i) കൊടുമ്പിരി കൊള്ളുക
ii) ഭീമാകാരം
iii) അനുപേക്ഷണീയം
iv) തടിതപ്പുക
v) അരയും തലയും മുറുക്കുക
vi) പ്രതിനിധീകരിയ്ക്കുക

c) 'എ' വിഭാഗത്തിൽ കൊടുത്തിരിയ്ക്കുന്ന പേരുകൾക്കു നേരെ 'ബി' വിഭാഗത്തിലെ കൃതികളുടെ പേരുകൾ യോജിപ്പിച്ചെഴുതുക : 2

| 'എ' | 'ബി' |
|---|---|
| i) കടമ്മനിട്ട | a) കാവിലെ പാട്ട് |
| ii) ഉള്ളൂർ | b) കരുണ |
| iii) ഇടശ്ശേരി | c) പിംഗള |
| iv) ആശാൻ | d) മിശ്രതാളം |

40. a) നിങ്ങൾ സന്ദർശിച്ച ഒരു പുണ്യസ്ഥലത്ത് വെച്ച് ഉണ്ടായ അനുഭവങ്ങളെ ഉൾക്കൊള്ളിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക. 5

b) പരാവർത്തനം ചെയ്യുക : 5

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം.
വിരയുന്നു മനുഷ്യനേതിനോ
ഗുരുവായും ലഘുവായുമാർത്തിയാൽ.